ഈ ഒ.പി. യിൽ വാട്ടർ അതോറിറ്റി നടത്തി വരുന്ന ഇവാലുവേഷൻ പ്രക്രിയ സ്റ്റേ ചെയ്യുവാനും കൺസൾട്ടന്റിനെ തെരഞ്ഞെടുക്കുവാനുള്ള ഹ്രസ്വലിസ്റ്റ് പുതുതായി ഉണ്ടാക്കുവാനും ഒരു സി.ബി.ഐ. അന്വേഷണം നടത്തുവാൻ കേന്ദ്ര സർക്കാരിന് നിർദ്ദേശം നൽകാനും മറ്റും ആവശ്യപ്പെട്ടിട്ടുണ്ട്. ഒ.പി. ഹൈക്കോർട്ടിന്റെ പരിഗണനയിലാണ്.

(ജി) സി.ബി.ഐ. ഉദ്യോഗസ്ഥർ പ്രാഥമികാന്വേഷണം നടത്തുന്നതിലേക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിന്നും രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാന ജലസ്രോതസുകളുടെ വരൾച്ച

34 (184) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വറ്റിവരണ്ട ജലസ്രോതസുകളുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്ത് വരണ്ടുകൊണ്ടിരിക്കുന്ന ജലസ്രോതസുകളുണ്ടോ ;

(ഡി) ഇവയുടെ വരൾച്ച ഒഴിവാക്കുവാൻ എന്തെല്ലാം ചെയ്യാനുദ്ദേശിക്കുന്നു ;

(ഇ) സംസ്ഥാനത്തെ ജലസ്രോതസുകളെപ്പറ്റി പഠനം നടത്തുന്നതിന് ഉദ്ദേശമുണ്ടോ ;

(എഫ്) ജലസ്രോതസുകൾ വറ്റിവരളാതിരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ എന്തെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വനനശീകരണവും അശാസ്ത്രീയമായ കൃഷി രീതികളും ഭൂവുപയോഗത്തിൽ വന്ന മാറ്റങ്ങളും തണ്ണീർത്തടങ്ങളും മറ്റും നികത്തുന്നതും ജലത്തിന്റെ അമിതോപയോഗവും സ്രോതസുകൾ വറ്റിവരളുവാൻ കാരണമാകുന്നു.

(സി) ഉണ്ട്.

(ഡി) നദികളിൽ അണകൾ, തടയണകൾ എന്നിവ കെട്ടി വെള്ളം സംഭരിച്ചു കുടിവെള്ളത്തിനും കൃഷിക്കും വെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടത്തി വരുന്നു. കൂടാതെ സംസ്ഥാനത്തെ കുളങ്ങളും മറ്റും സംരക്ഷിക്കുന്നതിലേക്കായി വേണ്ട പണികളും നടപ്പിലാക്കിവരുന്നു.

(ഇ) പഠനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ശാസ്ത്രീയ ഭൂവുപയോഗം ശരിയായ ജല-മണ്ണു സംരക്ഷണ മാർഗ്ഗങ്ങൾ, തണ്ണീർത്തടങ്ങളുടെയും വെള്ളക്കെട്ടുകളുടെയും സംരക്ഷണം, നീരുറവകളുടെയും, നദികളുടെയും, കുളങ്ങളുടെയും, കിണറുകളുടെയും സംരക്ഷണവും, ജലമേന്മ ഉറപ്പുവരുത്തലും ജലത്തിന്റെ അമിതോപയോഗം തടയൽ എന്നീ നടപടികൾ ആവശ്യമാണ്.

സംസ്ഥാനത്തിന്റെ ജലനയം

35 (185) ശ്രീ. കെ. സുധാകരൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ജലനയത്തിന് രൂപം കൊടുത്തതെന്നാണ് ;

(ബി) ഈ നയം നടപ്പാക്കുവാൻ ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇതിന്റെ ഫലമായി എത്രപേർക്ക് ശുദ്ധജലം എത്തിച്ചുകൊടുക്കാൻ കഴിഞ്ഞു ;

(ഡി) ജലനയം അനുസരിച്ച് ഒരു സ്റ്റേറ്റ് വാട്ടർ റിസോഴ്സ് കൺട്രോൾ ബോർഡ് രൂപീകരിക്കേണ്ടതുണ്ടോ ;

(ഇ) എങ്കിൽ പ്രസ്തുത ബോർഡ് രൂപവൽക്കരിച്ചോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാർച്ച് 1992

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) ജലനയം ശുദ്ധജലം എത്തിക്കുന്നതിനുള്ള ഒരു പദ്ധതിയല്ല. മറിച്ച് ദേശീയ ജലനയത്തിന് പൂരകമായി കേരളത്തിലെ കൃഷിയിറക്ക് രീതി, ഭൂമിയുടെ ഉപയോഗം, ജലശാസ്ത്രപരമായ നില പരിസ്ഥിതിപരമായ ആവശ്യം എന്നിവയെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒരു രൂപരേഖയാണ് ഈ നയം.

(ഡി) ഉണ്ട്.

(ഇ) 20-10-1992-ൽ സ്റ്റേറ്റ് വാട്ടർ റിസോഴ്സസ് കൺട്രോൾ ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

† അനുബന്ധം - V

LIBRARY ARCHIVES Kerala Legislative Assembly